പ്രവാചകത്വ പരിസമാപ്തിയെ നിഷേധിക്കുന്ന
ഹാറൂൻ യഹ്‌യായുടെ പുതിയ പുസ്തകത്തെക്കുറിച്ച്

# ഹാറൂൻ യഹ്‌യായും പ്രവാചകത്വ പരിസമാപ്തിയും

● കെ.കെ ആലിക്കോയ

**ഇസ്‌ലാമിക** പ്രബോധകൻ എന്ന നിലയിൽ ലോക പ്രശസ്തനാണ് ഹാറൂൻ യഹ്‌യാ. 200ഓളം ഗ്രന്ഥങ്ങളിലൂടെയും നിരവധി ലേഖനങ്ങളിലൂടെയും പ്രബോധനമേഖലയിൽ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. നിരവധി വെബ് സൈറ്റുകളിലൂടെ ഇത് ലോകം ശ്രദ്ധിക്കുകയും ചെയ്യുന്നു. ഡാർവിനിസത്തിനെതിരെയുള്ള അദ്ദേഹത്തിന്റെ പോരാട്ടം അതിശക്തമാണ്. അദ്ദേഹത്തിന്റെ മിക്കവാറും കൃതികളിൽ ഡാർവിനിസത്തിന്റെ പാപ്പരത്തത്തെക്കുറിച്ചുള്ള ഒരു ലേഖനം അനുബന്ധമായി കൊടുക്കാറുണ്ട്. നിലവിലുള്ള ഭൗതികവാദ ദർശനങ്ങൾ തങ്ങളുടെ നിലനിൽപിന് ഡാർവിനിസത്തെ ആധാരമാക്കുന്നു എന്നതിനാൽ, ഡാർവിനിസത്തെ തകർത്തുകൊണ്ടല്ലാതെ ഇസ്‌ലാമിക പ്രബോധനം വിജയിക്കുകയില്ലെന്ന അദ്ദേഹത്തിന്റെ നിരീക്ഷണത്തോട് വിയോജിക്കേണ്ടതില്ല.

പക്ഷേ, ഈയിടെ പുറത്തിറങ്ങിയ *THE MAHDI IS A DESCENDENT OF THE PROPHET ABRAHAM* (Peace Be Upon Him) എന്ന കൃതിയിൽ പ്രവാചകത്വ പരിസമാപ്തിവിശ്വാസത്തെ അദ്ദേഹം നിഷേധിക്കുന്നു. നേരത്തേ തന്നെ ലോകാവസാനത്തിന്റെ അടയാളങ്ങളിൽ മഹ്ദിയുടെ ആഗമനത്തിന് അദ്ദേഹം അമിതപ്രാധാന്യം നൽകിവന്നിരുന്നു (Portents and Features of the Mahdi's Coming, The End of Times and The Mahdi, The Golden Age, The signs of Jesus'(pbuh) Second Coming, The End Times and The Beast of the Earth എന്നിവ കാണുക). ലോകാവസാനത്തിന്റെ പല അടയാളങ്ങളിൽ ഒന്ന് എന്ന നിലയിൽ മഹ്ദിയുടെ ആഗമനത്തെ കാണുന്നതിനു പകരം, മറ്റു അടയാളങ്ങളിൽ മിക്കവാറും എല്ലാറ്റിനെയും മഹ്ദിയുടെ ആഗമനത്തിന്റെ അടയാളമെന്ന നിലയിലാണ് അദ്ദേഹം പരിചയപ്പെടുത്തിവരുന്നത്. ഉപരിസൂചിത കൃതിയോടുകൂടി ഗൂഢലക്ഷ്യങ്ങൾ മറനീക്കി പുറത്തുവന്നിരിക്കുന്നു. ഈ കൃതിയുടെ ആദ്യഭാഗത്ത് മഹ്ദിയുടെ ആഗമനത്തിന് ബൈബിളിൽ പറയുന്നത് എന്ന പേരിൽ വളരെയേറെ അടയാളങ്ങൾ വിവരിക്കുന്നുണ്ട്. യഹൂദർ പ്രതീക്ഷിക്കുന്ന 'മിശിഹാ' മുസ്‌ലിംകൾ പ്രതീക്ഷിക്കുന്ന 'മഹ്ദി' തന്നെയാണെന്നാണ് ഒരു വാദം. എന്നാൽ, ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ക്രിസ്ത്യാനികളുടെ വിശ്വാസം മഹ്ദിയെക്കുറിച്ചുള്ളതാണെന്ന് അദ്ദേഹത്തിന് വാദമില്ല. അതേസമയം ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ളതെന്ന നിലയിൽ ക്രിസ്ത്യാനികൾ ഉയർത്തിക്കാണിക്കാറുള്ളതും സമാനതയുള്ളതുമായ *പുതിയനിയമ*ത്തിൽനിന്നുള്ള ചില ഭാഗങ്ങളാണ് മഹ്ദിയുടെ വരവിനുള്ള തെളിവെന്ന നിലയിൽ അവതരിപ്പിച്ചിട്ടുള്ളത്. *പഴയനിയമ*ത്തിലെ 'ഇസ്രയേൽ ജനത'യെന്ന പ്രയോഗം മഹ്ദിയുടെ ജനതയെക്കുറിച്ചുള്ളതാണെന്ന, ചിരിക്ക് വക നൽകുന്ന വാദവും ഇക്കൂട്ടത്തിലുണ്ട്. തുടർന്ന് മഹ്ദിയുടെ അടയാളങ്ങൾ ഖുർആനിൽ കണ്ടെത്താനുള്ള ശ്രമമാണ്. മഹ്ദിയെക്കുറിച്ചുള്ള ഒരു സൂചനയും ഖുർആനിൽ ഇല്ലെന്നിരിക്കെ, മഹ്ദിയുടെ അടയാങ്ങൾ അതിൽ കണ്ടെത്താൻ ശ്രമിക്കുന്നതിലെ ദുരുദ്ദേശ്യം വ്യക്തമാണ്. മഹ്ദിയെക്കുറിച്ച് ഖുർആനിൽ പ്രവചനമുണ്ടെന്ന ധാരണ ജനിപ്പിക്കുകയാവാം ഇതിന്റെ ഉദ്ദേശ്യം. ലോകാവസാനവുമായി ബന്ധപ്പെട്ടത്, പ്രവാചകന്മാരുടെയും വിശ്വാസികളുടെയും വിജയത്തെക്കുറിച്ച് പൊതുവിൽ പറഞ്ഞത്, മുഹമ്മദ് നബിയുടെ വിജയത്തെക്കുറിക്കുന്നത് തുടങ്ങിയവയെല്ലാം മഹ്ദിയുടെ ആഗമനത്തിന്റെ അടയാളങ്ങളാണെന്നാണ് അദ്ദേഹത്തിന്റെ വാദം.

മഹ്ദിയെക്കുറിച്ചുള്ള വ്യക്തമായ പ്രസ്താവമെന്ന വ്യാജേന, ഖുർആനിലെ 3:81, 33:7 എന്നീ സൂക്തങ്ങൾ ഉദ്ധരിക്കുകയും ദുർവ്യാഖ്യാനം നടത്തുകയും ചെയ്യുന്നത് കാണുക: "മഹ്ദിയുടെ വരവിനെ സൂചിപ്പിക്കുന്ന ഖുർആൻ സൂക്തങ്ങളിലൊന്നിൽ അദ്ദേഹത്തെ മുഹമ്മദ് നബിക്ക് ശേഷം വരുന്ന പ്രവാചകനായിട്ട് പരാമർശിച്ചിരിക്കുന്നു. ഈ വാക്യത്തിലൂടെ ഓരോ പ്രവാചകനോടും തങ്ങൾക്ക് ശേഷം വരുന്ന പ്രവാചകനെ വിശ്വസിക്കണമെന്നും സഹായിക്കണമെന്നും അല്ലാഹു കരാർ വാങ്ങിയിട്ടുണ്ട് എന്ന കാര്യവും നമ്മോട് പറയുന്നു.

"അല്ലാഹു പ്രവാചകന്മാരോട് കരാർ വാങ്ങിയ സന്ദർഭം അനുസ്മരിക്കുക. ഞാൻ നിങ്ങൾക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും നൽകുകയും അതിനു ശേഷം




ഹാറൂൻ യഹ്‌യാ

നിങ്ങളുടെ പക്കലുള്ളതിനെ ശരിവെക്കുന്ന ഒരു ദൂതൻ നിങ്ങൾക്ക് വരികയും ചെയ്താൽ നിങ്ങൾ അദ്ദേഹത്തെ വിശ്വസിക്കുകയും സഹായിക്കുകയും ചെയ്യണം. അല്ലാഹു ചോദിച്ചു: 'നിങ്ങൾ സമ്മതിക്കുകയും ഇക്കാര്യത്തിലുള്ള എന്റെ കരാർ സ്വീകരിക്കുകയും ചെയ്തുവോ?' അവർ പറഞ്ഞു: 'ഞങ്ങൾ സമ്മതിച്ചിരിക്കുന്നു' (*ആലുഇംറാൻ* 81). അല്ലാഹു കരാർ വാങ്ങിയിട്ടുണ്ടെന്ന് ഈ സൂക്തം സൂചിപ്പിച്ച പ്രവാചകന്മാർ ആരെല്ലാമാണെന്ന് മറ്റൊരു സൂക്തത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുണ്ട്: 'പ്രവാചകന്മാരിൽനിന്ന്, താങ്കളിൽനിന്നും നൂഹ്, ഇബ്റാഹിം, മൂസാ, മർയമിന്റെ പുത്രൻ ഈസാ എന്നിവരിൽനിന്നും നാം കരാർ വാങ്ങിയ സന്ദർഭം അനുസ്മരിക്കുക. ശക്തമായ ഒരു കരാർ ഇവരിൽനിന്ന് നാം വാങ്ങിയിരിക്കുന്നു' (*അഹ്സാബ്* 7).

''നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നിവരിൽനിന്നെന്ന പോലെ, 'നിന്നിൽനിന്നും' എന്ന വാക്കിലൂടെ മുഹമ്മദ് നബിയിൽനിന്നും ഒരു കരാർ വാങ്ങിയത് ഇവിടെ വ്യക്തമാക്കപ്പെട്ടു. മേൽ സൂക്തത്തിൽ വെളിപ്പെടുത്തപ്പെട്ട, വരാനിരിക്കുന്ന പ്രവാചകൻ മുഹമ്മദ് നബിയല്ല; പ്രത്യുത അദ്ദേഹത്തിനു ശേഷം വരുന്ന ഒരു പ്രവാചകനാണ്. അല്ലാഹു അഅ്ലം. മുഹമ്മദ് നബിക്ക് ശേഷം വരുമെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടുള്ള ഈ പ്രവാചകൻ ഹദീസുകളിൽ പ്രവചിക്കപ്പെട്ട മഹ്ദി ആയിരിക്കാൻ സാധ്യതയുണ്ട്. അല്ലാഹു അഅ്ലം.

"വരാനിരിക്കുന്ന പ്രവാചകനെക്കുറിച്ചുള്ള പ്രവചനം വന്ന അതേ മാർഗത്തിൽ തന്നെ ഈസാ നബി അദ്ദേഹത്തെ സഹായിക്കുമെന്ന പ്രവചനവും വന്നിട്ടുണ്ട്. *അൽഅഹ്സാബി*ലെ ഏഴാം സൂക്തം ഇത് ശരിവെക്കുന്നു. കാരണം, നമുക്കറിയാം, മുഹമ്മദ് നബിയുടെ ഹദീസുകളിൽ അവസാനനാളുകളിൽ ഭൂമിയിലേക്ക് തിരിച്ചുവന്ന് മഹ്ദിയെ പിന്തുണക്കുകയും സഹായിക്കുകയും ചെയ്യുന്നവനായിട്ടാണ് ഈസാ നബിയെക്കുറിച്ച് പ്രവചിക്കപ്പെട്ടിരിക്കുന്നത്.

'മർയമിന്റെ പുത്രൻ ഈസാ പറഞ്ഞ സന്ദർഭം അനുസ്മരിക്കുക: ഇസ്രാഈൽ ഗോത്രമേ! എനിക്ക് മുമ്പ് വന്ന തൗറാത്തിനെ സത്യപ്പെടുത്തിക്കൊണ്ടും എനിക്കു ശേഷം വരാനിരിക്കുന്ന അഹ്മദ് എന്ന് പേരുള്ള പ്രവാചകനെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചുകൊണ്ടും നിങ്ങളിലേക്ക് വന്ന അല്ലാഹുവിന്റെ ദൂതനാണ് ഞാൻ. വ്യക്തമായ ദൃഷ്ടാന്തങ്ങളുമായി അദ്ദേഹം അവരുടെ അടുത്ത് വന്നപ്പോൾ അവർ പറഞ്ഞു: 'ഇത് വ്യക്ത




മായ മാരണം തന്നെ' (*സ്വഫ്ഫ്* 6).

"ഈസാ നബി അദ്ദേഹത്തിനു ശേഷം വരാനിരിക്കുന്ന പ്രവാചകന്റെ പേര് പരിചയപ്പെടുത്തിയത് 'അഹ്മദ്' എന്നാണ്. ഖുർആൻ മുഴുവൻ പരിശോധിച്ചാലും, മുഹമ്മദ് നബിയെ പരാമർശിക്കുന്ന സൂക്തങ്ങൾ അദ്ദേഹത്തെ 'മുഹമ്മദ്' എന്നോ അല്ലെങ്കിൽ 'പ്രവാചകൻ' എന്ന് മാത്രമോ ആണ് വിളിക്കുന്നത് എന്ന് കാണാം. മുഹമ്മദ് നബിയുടെ പേരായിട്ട് ഖുർആനിൽ എവിടെയും അഹ്മദ് എന്ന പദം ഉപയോഗിച്ചിട്ടേയില്ല. ഒരു പ്രവാചകനെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്ന, ഒരു സൂക്തത്തിൽ മാത്രം, ഒരിക്കലാണ് ഈ പദം ഖുർആനിൽ വന്നിരിക്കുന്നത്. അഹ്മദ് കൊണ്ടുദ്ദേശ്യം മുഹമ്മദ് നബിയാണ് എന്ന ആശയത്തെ മാത്രമല്ല, അത് അവസാനകാലത്ത് വരുന്ന മഹ്ദിയാണ് എന്ന ആശയത്തെയും ഇത് പിന്തുണക്കുന്നു. അല്ലാഹു അഅ്ലം. കൂടാതെ, ഈസാ നബിയാണ് വരാനിരിക്കുന്ന പ്രവാചകന്റെ പേര് പറയുന്നത് എന്നത് ഈ വീക്ഷണത്തിന്റെ മറ്റൊരു തെളിവാണ്'' (പേജ് 76,77,http://harunyahya.com/books/faith/descendent/descendent_01.php ).

അതായത്, ഹാറൂൻ യഹ്യാ, മുഹമ്മദ് നബി അന്ത്യപ്രവാചകനാണെന്ന് വിശ്വസിക്കുന്നില്ല. വരാനിരിക്കുന്ന മഹ്ദി പ്രവാചകനാണെന്നാണ് അദ്ദേഹം കരുതുന്നത്. എന്നാൽ മഹ്ദി പ്രവാചകത്വവാദമോ മഹ്ദിവാദം പോലുമോ ഉന്നയിക്കുകയില്ല. അദ്ദേഹത്തിന്റെ ഒരു അഭിമുഖത്തിൽനിന്ന്: "മറ്റെല്ലാ പ്രവാചകന്മാ[illegible] യും പോലെ മഹ്ദിയും തന്റെ ഭാഗധേയമായ കർത്തവ്യം നിർവഹിക്കും [illegible]ദ[illegible] ത്തിന്റെ മഹ്ദിയെന്ന നിലയിൽ [illegible]ത്തിന് ഭൂമിയിൽ സ്വാധീനം ലഭിക്കാൻ കാരണക്കാരനാവുകയും ചെയ്യും. 'എന്നെ സ്വീകരിക്കുക' എന്ന് അദ്ദേഹം ആരോടും പറയുകയില്ല, എന്നാൽ അദ്ദേഹത്തിന്റെ ഭാഗധേയം ആ രൂപം പ്രാപിക്കും" (http://www.harunyahya.com/new_releases/news/interview.php).

മഹ്ദിയുടെ ആഗമനം ഉടനെ ഉണ്ടാകുമെന്നാണ് ഉപരിസൂചിത ഗ്രന്ഥത്തിൽ വാദിച്ചത്. എന്നാൽ, ഈ അഭിമുഖത്തിൽ പറഞ്ഞതിങ്ങനെയാണ്: ''മഹ്ദി ഇപ്പോൾ തന്നെ ഇവിടെയുണ്ട്. എന്നാൽ, അദ്ദേഹം മറഞ്ഞിരിക്കുകയാണ്. നിരീശ്വരവാദികളുടെയും ഭൗതികവാദികളുടെയും നിഷേധികളുടെയും ഭാഗത്തു നിന്നുള്ള രാഷ്ട്രീയവും അല്ലാത്തതുമായ ആക്രമണങ്ങളിൽനിന്നുള്ള സ്വയം രക്ഷക്കായിട്ടാണ് അദ്ദേഹം മറഞ്ഞിരിക്കുന്നത്.''

തുടർന്ന് ഈസാ നബിയെക്കുറിച്ച് പറയുന്നു: ''എന്റെ അഭിപ്രായത്തിൽ, ഈസാനബി ഭൂമിയിലേക്ക് മടങ്ങിവന്നിട്ടുണ്ട്. എന്നാൽ, അദ്ദേഹവും മറഞ്ഞിരിക്കുകയാണ്. അദ്ദേഹത്തിന് നേരെ നടന്നേക്കാനിടയുള്ള ഭീകരവാദ-രാഷ്ട്രീയ ആക്രമണങ്ങളാണ് മറഞ്ഞിരിക്കാൻ അദ്ദേഹത്തെ നിർബന്ധിതനാക്കുന്നത്. ഏതായിരുന്നാലും, സമീപ ഭാവിയിൽ അദ്ദേഹവും പ്രത്യക്ഷപ്പെടുകയും മഹ്ദി നടത്തുന്ന ധിഷണായുദ്ധത്തിൽ പങ്കാളിയാവുകയും ചെയ്യും.''

ഹാറൂൻ യഹ്യായുടെ അഭിപ്രായത്തിൽ നിരീശ്വരത്വത്തിനും ഭൗതികവാദത്തിനും മതനിഷേധത്തിനും എതിരിലുള്ള സന്ധിയില്ലാസമരം തന്നെയാണ് മഹ്ദിയുടെ പ്രഥമ അടയാളം. ആ സമരമാകട്ടെ ബൗദ്ധിക സമരമായിരിക്കും. ലോകം അത് ശ്രദ്ധിക്കുകയും സ്വീകരിക്കുകയും ചെയ്യും. ഇന്ന് താൻ നടത്തുന്ന പോരാട്ടം ഇത്തരത്തിലുള്ളതാണെന്ന് അദ്ദേഹം സൂചിപ്പിക്കുകയും ചെയ്യുന്നു. ■

alikoyakk@gmail.com